

നമ്മുടെ പദ്ധതി

4



# മീൻപിടിത്തവും മൃഗസംരക്ഷണവും

കേരള ഗവൺമെന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ
നിന്നും പ്രസിദ്ധപ്പെടുത്തുന്നത്.



കായലോരങ്ങളിലെ മത്സ്യബന്ധനം—പ്രാചീനകാലം മുതൽ കേരളീയർ ചീനവല ഉപയോഗിച്ചിരുന്നു.




ബേപ്പൂർ തുറമുഖം—യന്ത്രങ്ങൾ ഘടിപ്പിച്ച ബോട്ടുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ഒരു പ്രധാനകേന്ദ്രമായി ഇതിനെ വികസിപ്പിച്ചുവരുന്നു.

# നമ്മുടെ പദ്ധതി

സാമാന്യ ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി പരമാവധി പരിശ്രമിക്കുകയാണല്ലോ ഏതൊരു ഗവണ്മെൻറിൻെറയും കർത്തവ്യം. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തുകയാണു് അതിനുള്ള മാർഗ്ഗം. ആ മഹത്തായ സംരംഭത്തിലാണു് നാം ഇന്നു ഏർപ്പെട്ടിരിക്കുന്നതു്. അതാണു് പഞ്ചവത്സരപദ്ധതി. ഒരു സംഗതി നാം പ്രത്യേകം ഓർമ്മിക്കണം. ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളേയും എല്ലാ വശങ്ങളിലുംകൂടി നേരിടുന്നതിനുള്ള സമ്പൂർണ്ണവും അവസാനത്തേതുമായ ഉദ്യമമല്ല ഇതു്. പദ്ധതിയിൽ ഇതുവരെ ഉൾപ്പെടാത്തതും വികസനപരമായ പ്രവർത്തനങ്ങൾ ആവശ്യമായിട്ടുള്ളതുമായ പല കാര്യങ്ങളും ഇനിയും ശേഷിക്കുന്നുണ്ടാകാം. പക്ഷെ ധനപരമായ നമ്മുടെ പരിമിതികൾകൂടി നാം കണക്കിലെടുക്കണം. പരമാവധി കഴിവനുസരിച്ചുള്ള പരമാവധി യത്നം—അതുമാത്രമെ സാദ്ധ്യമാകൂ. ഏതായാലും ഇതു് ജനങ്ങളുടെ പദ്ധതിയാണു്. ഇതിൻെറ വിജയം ജനങ്ങളുടെ പരിപൂർണ്ണമായ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. നാം ഇപ്പോൾ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഘട്ടത്തിലാണു്. പദ്ധതിയിൽ എന്തെല്ലാം പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു എല്ലാവരും വ്യക്തമായി അറിഞ്ഞിരിക്കേണ്ടതു തികച്ചും ആവശ്യമാണല്ലോ. ഓരോ മേഖലയിലും ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ളവയും, ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നവയും, ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയുമായ പരിപാടികളെപ്പററി പൊതുജനങ്ങൾക്കു സാമാന്യമായ അറിവു നൽകണമെന്ന ഉദ്ദേശ്യത്തോടുകൂടി പുറപ്പെടുവിക്കുന്ന ലഘുലേഖാപരമ്പരയിൽ നാലാമത്തേതാണിതു്.

# നമ്മുടെ പഞ്ചവത്സര പദ്ധതികൾ




| | ഒന്നാം പദ്ധതി (ലക്ഷം രൂപാ) | രണ്ടാം പദ്ധതി (ലക്ഷം രൂപാ) |
|---|---|---|
| 1. കൃഷിയും സാമൂഹ്യസേവനവും | 570 | 1582 |
| 2. ജലസേചനവും വിദ്യുച്ഛക്തിയും | 1763 | 3209 |
| 3. വ്യവസായങ്ങൾ | 112 | 684 |
| 4. ട്രാൻസ്പോർട്ടും ഗതാഗതവും | 258 | 557 |
| 5. സാമൂഹ്യസേവനങ്ങൾ | 300 | 2381 |
| 6. പലവക | ... | 287 |
| | 3003 | 8700 |

# മീൻ പിടിത്തം

"വിതയ്ക്കാതെ കൊയ്യാവുന്ന വിളവ്" എന്നാണ മത്സ്യസമ്പത്ത് അറിയപ്പെടുന്നത്. ആ വിളവിനെ സംബന്ധിച്ചിടത്തോളം കേരളം അനുഗ്രഹീതമാണ്. ഏതാണ്ട 360 മൈൽ നീണ്ടു കിടക്കുന്ന കടലോരവും നിരവധി ജലാശയങ്ങളും മത്സ്യബന്ധനത്തിനു ധാരാളം സൗകര്യം നൽകുന്നു. ആളൊന്നുക്കുള്ള മത്സ്യഭക്ഷണത്തിന്റെ കണക്കെടുത്താൽ കേരളത്തിനു ഇൻഡ്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ രണ്ടാം സ്ഥാനമാണുള്ളത്. "വിളവിനെ" സംബന്ധിച്ചിടത്തോളം നാം ഭാഗ്യശാലികളാണെങ്കിലും അതിന്റെ "കൊയിത്തി"നെ സംബന്ധിച്ചിടത്തോളം നാം പുരോഗതി പ്രാപിച്ചിട്ടില്ല. എന്താണ് ഹേതു? മീൻ പിടിത്തക്കാരുടെ പിന്നാക്കനിലയല്ലാതെ മറ്റൊന്നുമല്ല. അവർ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നില്ക്കുന്നു. ആകെയുള്ള മീൻപിടിത്തക്കാരിൽ നാലിലൊരു ഭാഗത്തിന്റെ കൈവശം തന്നെ എന്തെങ്കിലും ഉപകരണമില്ല. വള്ളവും വലയുമുള്ള ഇടത്തുകാർക്കുവേണ്ടി കൂലിപ്പണിയെടുക്കുന്നവരാണ അധികം പേരും. അല്ലെങ്കിൽ ആണ്ടിൽ ഏറിയ കാലം തൊഴിൽ ശൂന്യരായി കഴിയുന്നു എന്നു വരാം.

തീരത്തിനടുത്തുതന്നെ ധാരാളം മീൻ കിട്ടും. എന്നാൽ പ്രകൃതിക്ഷോഭംമൂലം പലപ്പോഴും മീൻപിടിത്തം സാദ്ധ്യമല്ലാതെ വരികയാണ്. കാലവർഷമുണ്ടാകുമ്പോഴാണ ധാരാളം മീൻ കാണുക. പക്ഷേ അപ്പോഠം കടൽക്ഷോഭമാകയാൽ തിരക്കുഴിയിൽക്കൂടി വള്ളം ഇറക്കുന്നതു ആപത്തായിരിക്കും.

അക്കാലത്താണു മീൻപിടിത്തക്കാർ തൊഴിൽശൂന്യരായിത്തീരുന്നതു്. അതിനാൽ മീൻപിടിത്തക്കാരുടെ സാമ്പത്തികവും സാമൂഹികവുമായ നില അഭിവൃദ്ധിപ്പെടുത്തുക, തിരക്കുഴിയിലെ അപായശങ്ക കൂടാതെ തോണി അടുക്കാൻ സൗകര്യമുണ്ടാക്കിയും ഉപകരണങ്ങൾ ഉണ്ടാക്കാൻ സഹായം നൽകിയും തൊഴിൽശൂന്യതയെ പരിഹരിക്കുക, മത്സ്യബന്ധനത്തിനും കേടു കൂടാതെ മത്സ്യം സൂക്ഷിക്കുന്നതിനും പരിഷ്കൃത രീതികൾ അവലംബിക്കുന്നതിനു സൗകര്യമുണ്ടാക്കുക, എന്നീ മാറ്റങ്ങളാണു മത്സ്യവ്യവസായത്തിന്റെ അഭിവൃദ്ധിക്കായി അവലംബിക്കേണ്ടതു്. ഈ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണു് പഞ്ചവത്സരപദ്ധതിയിലെ പരിപാടികൾ അംഗീകരിച്ചിട്ടുള്ളതു്.

## ഒന്നാം പഞ്ചവത്സരപദ്ധതിയിലെ പ്രവർത്തനം

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ മത്സ്യവ്യവസായവികസനത്തിനായി 15 ലക്ഷംരൂപാ നീക്കിവച്ചിരുന്നു. വിഴിഞ്ഞം, തിരുവല്ലാ, എറണാകുളം എന്നിവിടങ്ങളിൽ ഓരോ ഗവേഷണകേന്ദ്രങ്ങൾ തുറക്കുക, മൂന്നു ചാപ്പകൾ (ഫിഷ്ക്യൂറിംഗ് യാർഡ്) പരിഷ്കരിക്കുക എന്നിവയായിരുന്നു അന്നത്തെ പരിപാടികൾ. കൂടാതെ മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനു 25,267 രൂപയുടെയും മീൻപിടിത്തക്കാരുടെ സഹകരണസംഘങ്ങൾക്കു വായ്പകൾ നൽകുന്നതിനു 24,000 രൂപയുടെയും പരിപാടികളും അംഗീകരിക്കുകയുണ്ടായി.

1955–56 ൽ സംസ്ഥാനത്തു ആകെ 64 ചാപ്പകളും മീൻപിടിത്തക്കാരുടെ 145 സഹകരണസംഘങ്ങളും ഉണ്ടായിരുന്നു.

## രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പരിപാടികൾ

മത്സ്യവ്യവസായ പരിപോഷണത്തിനായി 93·37 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇതിൽ ഏറിയ ഭാഗവും മീൻപിടിത്തക്കാർക്കു

അവരുടെ ജോലിക്കു നേരിട്ടു സഹായം ലഭ്യമാക്കുന്നതിനായി വിനിയോഗിക്കപ്പെടും. തോണികൾ നിരപായം അടുക്കത്തക്കവണ്ണം കരിങ്കൽ ചിറ കെട്ടുന്നതിനും (21·95 ലക്ഷം രൂപ) മത്സ്യം കേടു കൂടാതെ സൂക്ഷിക്കുന്നതിനും ഐസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനും (21·55 ലക്ഷം രൂപാ) ആണു അതിൽ ഏററവും കൂടുതൽ തുകകൾ നീക്കിവച്ചിട്ടുള്ളതു്. യന്ത്രങ്ങൾ ഘടിപ്പിച്ച തോണികൾ ഉപയോഗിക്കാതെ മീൻപിടിത്തം വികസിപ്പിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ മീൻപിടിത്ത തുറമുഖങ്ങൾ നിർമ്മിക്കുന്നതിൻെറ മുന്നോടിയായി കരിങ്കൽ ചിറകൾ (ബ്രേക്ക്‌വാട്ടർ) നിർമ്മിക്കുക പ്രധാനമായ സംഗതിയാണു്. കരിങ്കൽ ചിറകൾക്കുള്ള പരിപാടിയിൽ വിഴിഞ്ഞത്തും ബെയ്പ്പൂരിലും മീൻപിടിത്ത തുറമുഖം നിർമ്മിക്കുന്ന പരിപാടിയും ഉൾപ്പെടുന്നു. അതുപോലെ തന്നെ ധാരാളം മീൻ ലഭിക്കുന്ന സന്ദർഭങ്ങളിൽ പലപ്പോഴും പെട്ടെന്നു വിററഴിക്കാൻ സൗകര്യം വരാത്തതിനാൽ മീൻ വെട്ടിമൂടേണ്ടതായി വരാറുണ്ടു്. ഈ വിഷമതകൾ പരിഹരിക്കുന്നതിനാണു് മത്സ്യം കേടു കൂടാതെ സൂക്ഷിക്കുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള ഐസ് ഉപകരണങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിനു പ്രാധാന്യം നൽകിയിട്ടുള്ളതു്. രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**കരിങ്കൽ ചിറ നിർമ്മാണം**

കൊച്ചിത്തുറമുഖവും മുനമ്പത്തെയും നീണ്ടകരയിലെയും അഴികളുമൊഴിച്ചാൽ കേരളത്തിലെ സമുദ്രതീരം മുഴുവനും തോണികൾക്കു അടുത്തു കിടക്കാൻ സൗകര്യമില്ലാത്തവിധം നെടുനീളത്തിൽ കിടക്കുകയാണു്. തോണികൾ കരയ്ക്കുകയററിവച്ചുകയും മീൻപിടിക്കുന്നതിനായി അവിടെ നിന്നും തള്ളിയിറക്കുകയുമാണു ചെയ്യുന്നതു്. എന്നാൽ കാലവർഷം മൂലം കടൽ ക്ഷോഭിച്ചിരിക്കുമ്പോൾ തോണികൾ നിരപായം

കരയ്ക്കടുപ്പിക്കുന്നതിനോ സൗകര്യമായി ഇറക്കുന്നതിനോ സാധിക്കുന്നില്ല. അതിനാൽ പാറക്കെട്ടുകൾ കടലിലേയ്ക്കു ഉന്തിനില്ക്കുന്നതുമൂലം പ്രകൃതിനൽകുന്ന സൗകര്യങ്ങളുള്ള മുട്ടം, വിഴിഞ്ഞം, തങ്കശ്ശേരി എന്നീസ്ഥലങ്ങളിൽ മീൻപിടിത്തക്കാർ കൂട്ടംകൂടുകയാണ് ചെയ്യുന്നത്. എന്നാൽ അപ്രകാരം ലഭിക്കുന്ന രക്ഷ അപര്യാപ്തമാണ്. ആദ്യം വിഴിഞ്ഞത്തു ഉന്തിനില്ക്കുന്ന പാറക്കെട്ടിന്റെ അററത്തുനിന്നും 600 അടി നീളത്തിൽ ഒരു കരിങ്കൽ ചിറ നിർമ്മിക്കുന്നതിനാണുദ്ദേശിക്കുന്നത്. ചിറയ്ക്ക് അടിയിൽ 70 അടിയും മുകളിൽ 30 അടിയും വീതിയും വെള്ളത്തിനു മുകളിൽ 12 അടി ഉയരവും ഉണ്ടായിരിക്കും. ഇപ്രകാരം നൽകപ്പെടുന്ന തുറമുഖസൗകര്യം ഉപയോഗപ്പെടുത്തുന്ന തോണികളിൽ നിന്നു പ്രതിദിനം 25 നയാപൈസ ഈടാക്കുന്നതാണ്. പവ്വർ കപ്പലിനെ ആശ്രയിച്ചു തോണികൾ മത്സ്യബന്ധനത്തിനുപയോഗിക്കാനുള്ള പദ്ധതി നടപ്പിൽ വരുത്തുമ്പോൾ അവയ്ക്കുവേണ്ട സൗകര്യങ്ങളും ഈ തുറമുഖത്തു ഉണ്ടായിരിക്കുന്നതാണ്. ബെയ്പ്പൂരിലും ഒരു മീൻപിടിത്ത തുറമുഖം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

ഈ പരിപാടിയ്ക്കായി 21·95 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

**മീൻ ഐസിലിട്ടു സൂക്ഷിക്കുന്ന പദ്ധതി**

വലകൾ കരയ്ക്കുകയററി വളരെകഴിഞ്ഞുമാത്രമെ മത്സ്യം ഉൾനാടുകളിൽ എത്താൻ നിവൃത്തിയുള്ളൂ. അതിനിടയിൽ മീൻ ചീഞ്ഞു തുടങ്ങാൻ സാദ്ധ്യതയുണ്ടു്. മീൻ ധാരാളം കയറുന്ന ദിവസങ്ങളിൽ മീൻപിടിത്തക്കാർക്കു അതെല്ലാം വിററഴിക്കാൻ നിവൃത്തിയില്ലാതെയും വരാറുണ്ടു്. അതിനാൽ അതു ഉണക്കി കുറഞ്ഞ വിലയ്ക്കു നൽകേണ്ടതായി വരുന്നു. ഈ വിഷമത പരിഹരിക്കുന്നതിനായി അവിടവിടെ മീൻ കേടു കൂടാതെ സൂക്ഷിക്കത്തക്ക ഐസ് ഉപകരണങ്ങളും അവയിൽ നിന്നും മീൻ കൊണ്ടുപോകാൻ തക്ക റിഫ്രിജറേററോടു

കൂടിയ വാഹനങ്ങളും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള സംഭരണശാലകൾ മീൻപിടിത്തക്കാരുടെ സഹകരണസംഘങ്ങൾക്കു പാട്ടത്തിനു നൽകുകയെന്നതാണു ഉദ്ദേശ്യം. തിരുവനന്തപുരത്തും വിഴിഞ്ഞത്തുംഉള്ള ഫ്രീസിംഗ് പ്ലാൻറുകൾക്കു പുറമെ കായംകുളത്തു ഒന്നു പുതുതായി ആരംഭിക്കുന്നതിനു പഞ്ചവത്സരപദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കായംകുളം, കോട്ടയം, മൂന്നാർ, തൃശ്ശൂർ എന്നിവിടങ്ങളിൽ ഫ്രോസൻ സ്റ്റോറുകളും, വിഴിഞ്ഞത്തു സാങ്കേതിക സഹകരണപദ്ധതിയനുസരിച്ചു ലഭ്യമാകുന്ന സൗകര്യങ്ങൾക്കു പുറമെ തിരുവനന്തപുരത്തും ആലപ്പുഴയും ഐസ് പ്ലാൻറുകളും, വിഴിഞ്ഞം, തിരുവനന്തപുരം, കായംകുളം, ആലപ്പുഴ, അഴിക്കോട് എന്നിവിടങ്ങളിൽ ഐസ് സ്റ്റോറുകളും, വിഴിഞ്ഞം, ആലപ്പുഴ, അഴിക്കോട്, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ഐസിലിട്ട മത്സ്യങ്ങൾ സംഭരിക്കുന്ന സ്റ്റോറുകളും സ്ഥാപിക്കുന്നതാണ്. മീൻ കേടു കൂടാതെ കൊണ്ടുപോകാൻ വേണ്ട ഇൻസുലേറഡ് വാനുകളോ ബോട്ടുകളോ, വിഴിഞ്ഞം, തിരുവനന്തപുരം, ആലപ്പുഴ, കായംകുളം, എറണാകുളം, അഴിക്കോട്, പുനലൂർ, ചങ്ങനാശ്ശേരി, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ ഏർപ്പെടുത്തുന്നതാണ്. മലബാർ പ്രദേശത്തേയ്ക്കു ഈ വിധത്തിലുള്ള പദ്ധതികൾ രൂപീകരിച്ചിരുന്നില്ല. പൊന്നാനിക്കു സമീപവും, കണ്ണൂരിലും, പാലക്കാട്ടും ചെറിയ തോതിൽ ഈ സൗകര്യങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. കൊച്ചിയിൽ (വെസ്റ്റ് കോസ്റ്റ് ഫിഷറീസ്) 10 ലക്ഷം രൂപാചെലവിൽ കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ ഉണ്ടാക്കുന്നതുൾപ്പെടെ മൊത്തം 21·55 ലക്ഷം രൂപാ ഈ പരിപാടികൾക്കായി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്.

**തോണികളുടെ യന്ത്രവൽക്കരണം**

കേരളത്തിലെ മീൻ പിടിത്തക്കാർ പരിഷ്കൃതരീതിയിലുള്ള ഉപായങ്ങൾ അവലംബിക്കാതെ ഇപ്പോഴും പഴയ ഉപകരണങ്ങൾകൊണ്ടു പഴയ രീതിയിൽ തന്നെയാണു

മീൻ പിടിക്കുന്നതു്. പദ്ധതിഘട്ടത്തിൽ തോണികളിൽ യന്ത്രങ്ങൾ ഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനു പററിയ നാടൻ തോണികൾ ഉള്ളപക്ഷം അവയിൽ യന്ത്രങ്ങൾ ഘടിപ്പിക്കുന്നതും അല്ലാത്തപക്ഷം യന്ത്രങ്ങൾ ഘടിപ്പിക്കത്തക്ക പുതിയ തോണികൾ നിർമ്മിക്കുന്നതുമാണു്. ഈ ജോലികൾ നീണ്ടകരയിലെ ഇൻഢ്യാ-നോർവീജിയൻപദ്ധതിയിൽപെട്ട തോണിനിർമ്മാണശാലയിലും വിഴിഞ്ഞത്തു ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന തോണി നിർമ്മാണശാലയിലും നിർവഹിക്കുന്നതാണു്. കൊച്ചിയിലും പള്ളുരുത്തിയിലും സ്വകാര്യ ഉടമയിലുള്ള തോണിനിർമ്മാണശാലയും കഴിവുള്ളിടത്തോളം ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണു്. എഞ്ചിനുകൾ സഹായവിലയ്ക്കു മീൻ പിടിത്തക്കാൎക്കു നൽകും. എഞ്ചിൻ ഘടിപ്പിച്ചബോട്ടുകൾക്കുപയോഗിക്കേണ്ട ലാൻഡിംഗ്ഗർീയ ഗവമ്മെൻറുവാങ്ങി വിവിധസ്ഥലങ്ങളിൽ പ്രവൎത്തന മാതൃക പ്രകടിപ്പിക്കുന്നതിനായി വാടകയ്ക്കു കൊടുക്കുന്നതാണു്. പദ്ധതി ഘട്ടത്തിൽ ബെയ്പൂരിലും ഒരു തോണി നിർമ്മാണശാല സ്ഥാപിക്കും.

ഈ പരിപാടിയുടെ മൊത്തം ചെലവു 8·86 ലക്ഷം രൂപയാണു്.

**കപ്പലുപയോഗിച്ചുള്ള മീൻപിടിത്തം**

ഈ പദ്ധതിയനുസരിച്ചു നല്ല മീൻ പാടങ്ങളുള്ള സ്ഥലങ്ങളിൽ ഒരു പൗവർകപ്പലിനെ ആശ്രയിച്ചു പതിനഞ്ചോ ഇരുപതോ തോണികൾ മീൻ പിടിത്തത്തിനിറക്കുന്നതാണു്. കപ്പലിൻെറ സഹായമുള്ളതുകൊണ്ടു തോണികൾക്കു കരയ്ക്കു പോയി തിരിച്ചുവരുന്ന സമയം പാഴാക്കാതെ ദീർഘനേരം കടലിൽ കഴിയാൻ സാധിക്കുന്നു. പിടിക്കുന്ന മീൻ കപ്പലിൽ നിന്നു റിഫ്രിജറേററർഘടിപ്പിച്ച ഒരു ബോട്ടു അപ്പോഴപ്പോൾ കരയിൽ എത്തിക്കും. ഈ പദ്ധതിയെ സംബന്ധിച്ചു പരീക്ഷണം നടത്തിയതിൽ മീൻപിടിത്തക്കാൎക്കുകൂടുതൽ ആദായം

ഉണ്ടാക്കാൻ അതു സഹായിക്കുമെന്നു തെളിഞ്ഞിരിക്കുന്നു. അപ്രകാരമുള്ള ഒരു ചെറുകപ്പലും മീൻകരയ്ക്കെത്തിക്കുന്നതിനുള്ള ബോട്ടും ഉൾപ്പെട്ട യൂണിററ് വിഴിഞ്ഞത്തു സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നു. ഇതിലേക്കു 2·35 ലക്ഷം രൂപാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### സഹകരണസംഘങ്ങൾക്കു വായ്പകൾ

നിർദ്ധനരായ മീൻപിടിത്തക്കാർക്കു ഈടുവയ്ക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് തോണികളും വലകളുംമററും ഉണ്ടാക്കുന്നതിനു വായ്പനൽകുവാനുള്ള കഴിഞ്ഞകാലത്തെ പദ്ധതികൾ പരാജയപ്പെട്ടു. അതിനാൽ സംഘത്തിന്റെ സ്വത്തുക്കളുടെ ജാമ്യവും ഭാരവാഹികളുടെ സ്വന്തം ജാമ്യവും അല്ലാതെ മററു ജാമ്യം ആവശ്യമില്ലാത്ത വ്യവസ്ഥയിൽ അടയ്ക്കപ്പെട്ട മൂലധനത്തിന്റെ ഒരു നിശ്ചിതമടങ്ങുവരുന്ന തുക മീൻ പിടിത്തക്കാരുടെ സഹകരണസംഘങ്ങൾക്കു വായ്പനൽകാൻ തീരുമാനിച്ചിരിക്കുകയാണു്. ഉപകരണങ്ങളും ഈടായി കരുതപ്പെടും. ഇതിനായി 10 ലക്ഷം രൂപാ പദ്ധതിയിൽ നീക്കി വച്ചിരിക്കുന്നു.

### തടിയും നൂലും വിതരണം

കട്ടാമരങ്ങൾ നിർമ്മിക്കുന്നതിനുള്ള തടി മീൻ പിടിത്തക്കാരുടെ സഹകരണസംഘങ്ങൾക്കു നേരിട്ടു നൽകുവാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ വലകെട്ടുന്നതിനായി ഉപയോഗിക്കുന്ന പരുത്തിനൂല് വളരെ മോശമായിട്ടാണു കാണപ്പെടുന്നതു്. പരിഷ്കൃതരാജ്യങ്ങളിലെല്ലാം കൂടുതൽബലമുള്ള നൈലോൺ നൂലാണു മീൻ പിടിത്തക്കാർ ഉപയോഗിക്കുന്നതു്. മീൻ പിടിത്തക്കാർക്കു സഹായവിലയ്ക്കു (വിലയുടെ മൂന്നിലൊരു ഭാഗം കുറച്ചു) നൈലോൺ നൂൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. യന്ത്രങ്ങൾ ഘടിപ്പിച്ച തോണികൾ ഉപയോഗിക്കുന്നവർക്കായിരിക്കും നൈലോൺ നൂൽ വിതരണത്തിൽ മുൻഗണന ലഭിക്കുന്നതു്. തടിയും നൂലും വിതരണത്തിനായി 5·59 ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്.

ഉപ്പുവിതരണം

ഈ പദ്ധതിയനുസരിച്ചു സമുദ്രതീരത്തുള്ള വിവിധ ചാപ്പകളിൽ നിന്നു മീൻ പിടിത്തക്കാർക്കു മീനുണക്കുന്നതിനു സഹായവിലയ്ക്കു ഉപ്പു വിതരണം ചെയ്യുന്നുണ്ട്. ഇതിനായി 9·36 ലക്ഷം രൂപാ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

വഴികാട്ടുന്ന ദീപങ്ങൾ

രാത്രികാലങ്ങളിലും കോളിളകുമ്പോഴും കടലിനുള്ളിൽ നിന്നു തങ്ങളുടെ ഗ്രാമങ്ങളിലേക്കുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുന്നതിനുവേണ്ടി വിളക്കുകൾ സ്ഥാപിക്കുന്നതിയാണു ഈ പദ്ധതി. കൂടാതെ ചില മീൻപിടിത്ത സ്ഥലങ്ങളിലെ പാറക്കെട്ടുകൾക്കും തിട്ടകൾക്കും സമീപം തോണികൾക്കു മാർഗ്ഗദർശനം നൽകുന്നതിനും യാതൊന്നുമില്ല. ഈ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി 1·15 ലക്ഷം രൂപാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മീൻവളത്തൽ പദ്ധതി

മീൻ വളർത്തുന്നതിനുതക്ക ധാരാളം കുളങ്ങൾ സംസ്ഥാനത്തുണ്ട്. ചെറുതും വലുതുമായ ജലസേചനപദ്ധതികളോടനുബന്ധിച്ച് വളരെയേറെ സൗകര്യങ്ങളാണുള്ളത്. വേഗം വളർന്നു പുഷ്ടിപ്രാപിക്കുന്ന ഇനത്തിലുള്ള നാടൻ മത്സ്യങ്ങൾ ലഭിക്കാൻ പ്രയാസമാകയാലാണു ഈ തൊഴിൽ പുഷ്ടിപ്പെടാത്തത്. അതിനാൽ പുറമെ നിന്നും നല്ല ഇനം മീൻ കുഞ്ഞുങ്ങളെ കൊണ്ടുവന്നു അവ കുളങ്ങളിൽ ശേഖരിച്ചു നാമമാത്രമായവിലവച്ചു പൊതുജനങ്ങൾക്കു വിതരണം ചെയ്യുന്നതിനും, ഹൈറേഞ്ചിലെ അണകളോടനുബന്ധിച്ച റിസർവായറുകളിൽ വളർത്തുന്നതിനുമായി 3·11 ലക്ഷം രൂപാ ചെലവു വരുന്ന ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മലമ്പുഴ, മംഗലം, വാളയാർ എന്നീ റിസർവായറുകളിലെ മീൻ വളത്തൽ വികസിപ്പിക്കുന്നതിനായി 50,000 രൂപാ ചെലവുള്ള മറ്റൊരു പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.

### ഗവേഷണ പദ്ധതി

ഗവേഷണപരമായ പ്രവർത്തനങ്ങൾക്കു വിഴിഞ്ഞം, എറണാകുളം, തിരുവല്ലാ എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ പ്രവർത്തനം രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തും തുടരുന്നതിനായി 2·19 ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്.

### അഴിമുഖത്തെ മീൻവളർത്തൽ

ഞാറയ്ക്കലെപ്പോലെയുള്ള മീൻ പിടിത്ത കേന്ദ്രങ്ങൾ വടക്കെ മലബാറിലെ അഴിമുഖങ്ങളിൽ സ്ഥാപിച്ചു മഴക്കാലത്തു മീനിന്റെ കാര്യത്തിൽ ഉണ്ടാകുന്ന ദുർഭിക്ഷത പരിഹരിക്കുന്നതിനു ഉദ്ദേശിക്കുന്നു. ഇതിനായി ഒരു ലക്ഷം രൂപാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### പരിശീലനം

എഞ്ചിനുകൾ ഘടിപ്പിച്ച തോണി ഉപയോഗിച്ചു മത്സ്യബന്ധനം നടത്തുന്നതിൽ മീൻ പിടുത്തക്കാർക്കു പരിശീലനം നൽകുന്നതിനായി 1·83 ലക്ഷം രൂപാ ചെലവുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. വൈപ്പൂരിൽ ഒരു പരിശീലന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. പ്രതിവർഷം 20 പേർക്കു വീതം അവിടെ പരിശീലനം നൽകുന്നു.

### മറ്റു പദ്ധതികൾ

മേൽ പറഞ്ഞവ കൂടാതെ സംസ്ഥാനത്തെ എല്ലാ മത്സ്യവ്യവസായ സാദ്ധ്യതകളെയും പറ്റി അന്വേഷണം നടത്തുന്നതിനും ഉൾനാടൻ ജലാശയങ്ങളിൽ മീൻ വളർത്തലിന്റെ മാതൃകകൾ പ്രകടിപ്പിക്കുന്നതിനുമായി 63,000 രൂപയും കോഴിക്കോട്ടെ ഫിഷറി ടെക്നാളജിക്കൽ സ്റ്റേഷൻ പരിഷ്കരിക്കുന്നതിന് ഒരു ലക്ഷം രൂപയും, മീൻ പിടിത്തക്കാരുടെ ബോട്ടുകളും ഉപകരണങ്ങളും സൂക്ഷിക്കുന്നതിനു വിഴിഞ്ഞത്തു ഷെഡ്ഡ് നിർമ്മിക്കാൻ 95,000 രൂപയും പരിഷ്കൃത രീതിയിലുള്ള മാതൃകാ മത്സ്യമാർക്കറ്റു നിർമ്മിക്കുന്നതിനു 65,000 രൂപയും, മലമ്പുഴയിൽ ഒരു ചെറിയ അക്വേറിയം

തുടങ്ങുന്നതിനു 50,000 രൂപയും ചെലവുള്ള പദ്ധതികൾ അംഗീകരിച്ചിരിക്കുന്നു.

ഫിഷറി വകുപ്പിന്റെ സാധാരണ പ്രവൎത്തനങ്ങൾക്കു പുറമെയുള്ള വികസനപരിപാടികളാണു മുകളിൽ വിവരിച്ചവ. ഇവയ്ക്കു പുറമെ സംസ്ഥാനത്തെ ഒരു പ്രധാന മീൻപിടിത്ത കേന്ദ്രമായ നീണ്ടകരപ്രദേശത്തെ മീൻപിടിത്തക്കാരുടെ നാനാമുഖമായ പുരോഗതിയെയും പരിഷ്കൃതരീതിയിലുള്ള മത്സ്യബന്ധന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനെയും ലക്ഷ്യമാക്കിയുള്ള ഇൻഡോ-നോർവീജിയൻ പദ്ധതി സംസ്ഥാനത്തെ മീൻപിടിത്തക്കാൎക്കു ഒരു വലിയ അനുഗ്രഹമായിരിക്കും ഈ വികസനപദ്ധതികൾ മുഖേന നൽകപ്പെടുന്ന സൗകര്യങ്ങളും സൗജന്യങ്ങളും സംസ്ഥാനത്തെ മീൻപിടിത്തക്കാർ കഴിവതും സഹകരണാടിസ്ഥാനത്തിൽ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നപക്ഷം അതു അവരുടെ ക്ഷേമത്തിനുതകുന്നതിനു പുറമെ നാട്ടിലെ ഭക്ഷ്യ ക്ഷാമത്തിനു ഗണ്യമായ പരിഹാരം ഉണ്ടാക്കാൻ ഉപകരിക്കുന്നതുമാണു്.



# മൃഗസംരക്ഷണവും ചികിത്സയും

ഭക്ഷ്യപ്രശ്നം, കൃഷിവികസനം എന്നിവയോടു അഭേദ്യമായ ബന്ധമുള്ള ഒന്നാണു മൃഗസംരക്ഷണവും ചികിത്സയും. കൃഷി അഭിവൃദ്ധിപ്പെടണമെങ്കിൽ കന്നുകാലി സമ്പത്തു അഭിവൃദ്ധിപ്പെടണം. അതുപോലെ തന്നെയാണു ജനങ്ങളുടെ ആരോഗ്യത്തിന്റെ പ്രശ്നവും. നല്ലപാലും നല്ലമുട്ടയും വേണ്ടത്ര ലഭിച്ചാൽമാത്രമേ ആരോഗ്യകരമായ ജീവിതം സാദ്ധ്യമാകൂ. കേരളത്തെ സംബന്ധിച്ചിടത്തോളം പാലിന്റെ കാര്യം വളരെ പരിതാപകരമാണു്. ശരാശരി കണക്കനുസരിച്ചു ഇൻഡ്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏററവും കുറച്ചു പാൽ ഉപയോഗിക്കുന്നതു കേരളത്തിലെ ജനങ്ങളാണു്. ഇൻഡ്യയിൽ പൊതുവെ ആളൊന്നുക്കു പ്രതിദിനം ശരാശരി അഞ്ചര ഔൺസ് പാൽ ഉപയോഗിക്കുമ്പോൾ കേരളത്തിൽ രണ്ടുഔൺസ് മാത്രമാണു ഉപയോഗിക്കുന്നതു്. കേരളത്തിലെ കന്നുകാലികളുടെയും കോഴികളുടെയും കണക്കു സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| | (1000 കണക്കിൽ) |
|---|---|
| വിത്തുകാളകൾ | 11 |
| മററു കാളകൾ | 591 |
| കറവപ്പശുക്കൾ | 396 |
| മററു പശുക്കൾ | 601 |
| കിടാക്കൾ | 911 |
| വിത്തുപോത്തു | 4 |
| മററു പോത്തുകൾ | 253 |
| കറവഎരുമകൾ | 61 |

| | |
|---|---|
| മററു എരുമകൾ | 77 |
| കിടാക്കൾ | 487 |
| പുള്ളാട് | 98 |
| കോലാട് | 956 |
| മററു മൃഗങ്ങൾ (പന്നി, കഴുത, മുതലായവ | 117 |
| കോഴി (താറാവ് ഉൾപ്പെടെ) | 6795 |

എണ്ണത്തിൽ കുറവുകൊണ്ടു മാത്രമല്ല കന്നുകാലികളുടെ ഇനം മോശമായതുകൊണ്ടും ഉള്ള കന്നുകാലികളെ ശ്രദ്ധയോടെ ശുശ്രൂഷിച്ചു വളർത്താത്തതുകൊണ്ടുമാണു പാലിന്റെ കാര്യത്തിൽ നാം പിന്നാക്കം നില്ക്കുന്നതു്. സംസ്ഥാനത്തെ കന്നുകാലികളുടെ ഇനം മെച്ചമാക്കുന്നതിനു ശാസ്ത്രീയമായ യാതൊരു ശ്രമവും അടുത്തകാലം വരെ നടത്തിയിട്ടില്ല. ഈ പ്രശ്നം തികച്ചും സങ്കീർണ്ണമാണു്. നല്ലമാടുകളെക്കൊണ്ടു ഇണ ചേർപ്പിക്കാനുള്ള സൗകര്യം കുറഞ്ഞുവന്നു. മേച്ചിൽ സ്ഥലങ്ങൾ മുമ്പു നാട്ടിന്റെ എല്ലാ ഭാഗങ്ങളിലും സുലഭമായിരുന്നു. എന്നാൽ കാലാന്തരത്തിൽ ജനസംഖ്യവർദ്ധിക്കുകയും കൂടുതൽ സ്ഥലങ്ങൾ കൃഷിക്കായി വിനിയോഗിക്കുകയും ചെയ്തതിന്റെ ഫലമായി മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതെവന്നു. തൻമൂലം വയ്ക്കോലിനെയും പിണ്ണാക്കിനെയും ആശ്രയിച്ചു മാടുകളെ വളർത്തേണ്ടതായി വന്നു. തീററിയുടെ വിലക്കൂടുതലനുസരിച്ചു പാലിന്റെ വില വർദ്ധിക്കുകയാൽ സാധാരണക്കാരനു പാൽ ഉപയോഗിക്കുന്നതിൽ വിഷമം നേരിട്ടു.

കോഴിവളർത്തൽ ഇവിടെ വളരെ പ്രചാരത്തിലിരിക്കുന്ന തൊഴിലാണു്. മുട്ട കയററുമതിയെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ കേരളത്തിനു തന്നെയാണു ഒന്നാം സ്ഥാനം.

കന്നുകാലികളുടെയും കോഴികളുടെയും ഇനം നന്നാക്കുക, അവയെ പരിഷ്കൃതരീതിയിൽ ശുശ്രൂഷിച്ചു വളർത്തുക ഇവയാണു് മൃഗസംരക്ഷണവും ചികിത്സയും സംബന്ധിച്ച വികസന പദ്ധതിയുടെ ലക്ഷ്യം. രോഗനിവാരണത്തിനും ചികി

ത്സയ്ക്കും വേണ്ടിയുള്ള കാര്യക്ഷമമായ ഏർപ്പാടുകളില്ലാതെ വികസന പദ്ധതികൾ വിജയിക്കുവാൻ സാദ്ധ്യമല്ലല്ലോ. മൃഗചികിത്സാ സൗകര്യങ്ങൾ ഉണ്ടാക്കുന്നകാര്യത്തിൽ ക്രമാനുഗതമായ പുരോഗതി ഈ സംസ്ഥാനത്തിനു ലഭ്യമായിട്ടുണ്ട്.

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ മൃഗസംരക്ഷണത്തിനായി ഗണ്യമായ ചെലവൊന്നും ഉൾപ്പെടുത്തിയിരുന്നില്ല. പദ്ധതി ഘട്ടത്തിൽ ഒരു വെറ്ററിനറി ആശുപത്രിയും ഒൻപതു ഡിസ്പെൻസറികളും പുതുതായി തുറക്കുകയും രണ്ടു ഡിസ്പെൻസറികൾ ആശുപത്രികളായി പരിവർത്തനം ചെയ്യുകയും ഉണ്ടായി. പദ്ധതി ഘട്ടത്തിന്റെ അവസാനത്തിൽ മൃഗചികിത്സയ്ക്കായുണ്ടായിരുന്ന സ്ഥാപനങ്ങളുടെയും സാങ്കേതിക ഉദ്യോഗസ്ഥന്മാരുടെയും സംഖ്യ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| | |
|---|---|
| വെറ്ററിനറി ആശുപത്രികൾ | 40 |
| ഡിസ്പെൻസറികൾ | 45 |
| കൃത്രിമഗർഭോല്പാദന കേന്ദ്രങ്ങൾ | 9 |
| വെറ്ററിനറി പ്രഥമശുശ്രൂഷാകേന്ദ്രങ്ങൾ | 7 |
| കന്നുകാലി വളർത്തു കേന്ദ്രങ്ങൾ | 3 |
| കോഴി വളർത്തു കേന്ദ്രങ്ങൾ | 3 |
| സാങ്കേതികഉദ്യോഗസ്ഥന്മാർ | 252 |

### രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പരിപാടി

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ മൃഗസംരക്ഷണവും ചികിത്സയും വിഭാഗത്തിനായി 112·16 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. രോഗനിവാരണ നടപടികൾക്കു പുറമെ കന്നുകാലികളുടെ ഇനം നന്നാക്കുന്നതിനുള്ള ഗ്രാമകേന്ദ്രീകൃത പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. മലബാർ പ്രദേശത്തു 13.03 ലക്ഷം രൂപാ ചെലവുചെയ്തു കൃത്രിമഗർഭോല്പാദന പ്രവർത്തനത്തിനുള്ള സൗകര്യത്തോടുകൂടിയ മൂന്നു കീ വില്ലേജ് സെൻററുകൾ തുറക്കുന്നതിനും പുതുതായി രണ്ടുകോഴി

വളത്തു കേന്ദ്രങ്ങളും (ഫാറങ്ങൾ) അഖിലേൻഡ്യാ പൗൾട്രി ഡെവലപ്പ്മെൻറു പദ്ധതിയനുസരിച്ചു 20 പുതിയകേന്ദ്രങ്ങളും ആരംഭിക്കുന്നതും അതിൽ പ്രാമുഖ്യം വഹിക്കുന്നു. ഗവേഷണ പ്രവൎത്തനങ്ങൾക്കു ഇപ്പോൾ ആദ്യമായിട്ടാണു് സൗകൎയ്യം ഉണ്ടാക്കുന്നതു്. സഹകരണാടിസ്ഥാനത്തിലുള്ള പ്രവൎത്തനങ്ങൾ മൂന്നു പദ്ധതികളെ സംബന്ധിച്ചിടത്തോളം അംഗീകരിച്ചി ട്ടുണ്ടു്. കോഴിക്കോട്ടെ പാൽ വിതരണ യൂണിററുകളെ സഹാ യിക്കുന്നതിനു ഒരു പാസ്ററുറേഷൻ പ്ലാൻറു സ്ഥാപിക്കുക, തിരുവനന്തപുരം പാൽ വിതരണ യൂണിയനെ ആധുനിക രീതിയിൽ പരിഷ്കരിക്കുക, ഒരു കന്നുകാലി വളത്തു സംഘം സ്ഥാപിക്കുക എന്നിവയാണു സഹകരണാടിസ്ഥാനത്തിലുള്ള പദ്ധതികൾ.

താഴെപ്പറയുന്ന പരിപാടികളാണു രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്.

**ആശുപത്രികളും ഡിസ്പെൻസറികളും**

ആകെ 38 പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതി നാണു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വ്യവസ്ഥചെയ്തിട്ടു ള്ളതു്. ഇതിലേക്കായി 5·82 ലക്ഷം രൂപാ വകയിരുത്തിയി ട്ടുണ്ടു്. കൂടുതൽ ആശുപത്രി സൗകൎയ്യങ്ങൾ ആവശ്യമുള്ളതു സാമൂഹ്യവികസന പരിപാടിയിൽ ഉൾപ്പെടുത്തുന്നതാണു്.

കൊച്ചി പ്രദേശത്തു പരിശീലനം സിദ്ധിച്ച ഡാക്ടർമാ രുടെ അഭാവത്തിൽ ചില സ്ഥലങ്ങളിൽ സ്റ്റാക്കമെൻസ്റ്റേഷനു കൾ ഏൎപ്പെടുത്തിയിട്ടുണ്ടു്. അവ വെററിനറി ആശുപത്രിക ളായി പരിവൎത്തനം ചെയ്യുന്നതിനു 56,000 രൂപാ പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

ശാസ്ത്രീയമായരീതിയിൽ രോഗനിൎണ്ണയം ചെയ്യുന്നതിനു ക്ലിനിക്കൽ ലാബ്രട്ടറികൾ ആവശ്യമാകയാൽ ആദ്യം മൂന്നു ആശുപത്രികളിൽ ലാബ്രട്ടറി സ്ഥാപിക്കുന്നതിനായി 33,000

രൂപയും നാലു ആശുപത്രികളിൽ മൈക്രോസ്കോപ്പുകൾ വാങ്ങുന്നതിനായി 6,000രൂപയും നീക്കിവച്ചിട്ടുണ്ട്. കോഴിക്കോട്ടെയും പാലക്കാട്ടെയും ആശുപത്രിയിലെ ജീവനക്കാർക്ക് താമസസൗകര്യം ഉണ്ടാക്കുന്നതിനു 25,000 രൂപയും വെററിനറി സ്ഥാപനങ്ങൾ വൈദ്യുതീകരിക്കുന്നതിനു 1,000 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

### വെററിനറികാളേജ്

വെററിനറി ബിരുദധാരികളുടെ ദൗർലഭ്യമായിരുന്നു മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ പുരോഗതിക്കു വിഘാതമുണ്ടാക്കിയിരുന്ന ഒരു പ്രധാന സംഗതി. എൻ. ഇ. എസ്സ്. ബ്ളാക്കുകളുടെ പ്രവർത്തനങ്ങൾക്കു സാങ്കേതിക പരിശീലനം സിദ്ധിച്ചവരുടെ ആവശ്യകത കൂടുതലായിത്തീർന്നിട്ടു. ഈ വിഷമതകൾ പരിഹരിക്കുന്നതിനുവേണ്ടി 1955-56ൽ ഒരു വെററിനറി കാളേജ് ആരംഭിച്ചിട്ടുണ്ട്. നാലുവർഷത്തെ കോഴ്സാണു അവിടെ നടത്തുന്നതു്. കാളേജ്പദ്ധതിയുടെ മൊത്തം ചെലവു 48 ലക്ഷം രൂപയാണ്. പദ്ധതി പൂർത്തിയാക്കുന്നതിനായി അതിൽ 38 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### ഗവേഷണകേന്ദ്രം

കന്നുകാലി വളർത്തൽ, കന്നുകാലിയുടെ തീററി, രോഗനിവാരണം എന്നിവയെ സംബന്ധിച്ച ഗവേഷണം നടത്തുന്നതിനുള്ള അഖിലേന്ത്യാ പദ്ധതി അനുസരിച്ചു വെററിനറി കാളേജിൽ ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിനു 2·88 ലക്ഷം രൂപാ ചെലവുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

### കീവില്ലേജ്സെൻററുകളും കൃത്രിമഗർഭോല്പാദനവും

കന്നുകാലി സമ്പത്തിൻെറ പരിപോഷണത്തിനായി ഇൻഡ്യയ്ക്കു പൊതുവെ അംഗീകരിച്ചിട്ടുള്ള ഒന്നാണ് കീവില്ലേജ് പദ്ധതി. ഏതാനും ഗ്രാമങ്ങളെ ഉൾപ്പെടുത്തി അവി

ടത്തെ കന്നുകാലിവർഗ്ഗത്തെ കൃത്രിമഗർഭോല്പാദനം മുതലായ മാർഗ്ഗങ്ങളിൽ കൂടി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. കന്നുകാലികളുടെ ഇനം നന്നാക്കുകയാണു പ്രധാന ഉദ്ദേശ്യം. അതിനുള്ള എളുപ്പമാർഗ്ഗം വെളിയിലുള്ള നല്ലഇനം കാളകളുടെ ബീജത്തിൽ നിന്നു കൃത്രിമഗർഭോല്പാദനം മുഖേന നല്ല കന്നുക്കുട്ടികളെ ജനിപ്പിക്കുകയാണ്. ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിപ്രദേശത്തു അഞ്ചുകീവില്ലേജ് കേന്ദ്രങ്ങളുണ്ട്. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു അഞ്ചു കേന്ദ്രങ്ങൾകൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. മലബാർ പ്രദേശത്തു ഇപ്പോൾ ഒരു കീവില്ലേജ് സെൻററുമില്ല. അതിനാൽ മൂന്നു കേന്ദ്രങ്ങൾ അവിടെ ആരംഭിക്കുന്നതിനാണുദ്ദേശിക്കുന്നതു്. കൃത്രിമഗർഭോല്പാദനത്തിനു ഒരു നഗര കേന്ദ്രം തിരുവാഴംകുന്നു (പാലക്കാട്) ജില്ലാ കന്നുകാലി ഫാറത്തോടനുബന്ധിച്ചു തുടങ്ങുന്നതാണ്. പാലക്കാട്ടെ കൃത്രിമഗർഭോല്പാദനകേന്ദ്രവും അഖിലേൻഡ്യാ മാതൃകയിലുള്ള ഒരു കീവില്ലേജ് കേന്ദ്രമായി രൂപാന്തരപ്പെടുത്തുന്നതാണ്.

ഈ പരിപാടിക്കായി 13·03ലക്ഷം രൂപാ പദ്ധതിയിൽ കൊള്ളിച്ചിട്ടുണ്ട്.

കീവില്ലേജുകളിൽ ഉല്പാദിപ്പിക്കുന്ന വിത്തു കാളകളെ ഉപയോഗപ്പെടുത്തുന്നതിനു രണ്ടു എക്സ്റ്റൻഷൻ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനായി 1.49 ലക്ഷം രൂപാ ചെലവുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

**കാലിവളർത്തുകേന്ദ്രങ്ങൾ**

ഗവർമ്മെൻറു വകയായി ഒല്ലുക്കര (തൃശ്ശൂർ), കൊടപ്പനക്കുന്നു (തിരുവനന്തപുരം), തിരുവാഴംകുന്നു (പാലക്കാട്) എന്നിവിടങ്ങളിൽ ഓരോ കന്നുകാലിവളർത്തു-ക്ഷീരവ്യവസായ കേന്ദ്രങ്ങൾ (ഫാറങ്ങൾ) ഉണ്ട്. ശാസ്ത്രീയമായ ഉപായങ്ങൾ സ്വീകരിച്ചു കാലിസമ്പത്തിനെ പുഷ്ടിപ്പെടുത്തുകയും നല്ല

പാൽ ലഭ്യമാക്കുകയുമാണു ഈ കേന്ദ്രങ്ങളുടെ ഉദ്ദേശ്യം. ഇവ പരിഷ്കരിക്കുന്നതിനായി 3·82 ലക്ഷം രൂപാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവാഴാംകുന്നു കേന്ദ്രത്തിൽ 300 ഏക്കർ സ്ഥലത്തു മണ്ണൊലിപ്പുനിവാരണ നടപടികൾക്കായി 40,000 രൂപയുടെ ഒരു പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.

കറവ തീന്ന പശുക്കളെ സംരക്ഷിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഇല്ലാതിരിക്കുന്നതുമൂലം കന്നുകാലി വളർത്തുകാർ വലിയ വിഷമതകൾ അനുഭവിക്കാറുണ്ട്. കറവതീന്ന പശുക്കളെ സംരക്ഷിക്കുന്നതിയായി ഗവർമ്മെൻറു വകയായ ഓരോ സംരക്ഷണശാലകൾ (ഡ്രൈഡ്രാക്ക ഫാറം) ചാലക്കുടി കമ്മ്യൂണിററിപ്രൊജക്ടിലും തിരുവനന്തപുരത്തു കൊടപ്പനക്കുന്നിലും സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ 50 പശുക്കളെ വീതം സംരക്ഷിക്കുന്നതിനു സൗകര്യമുണ്ട്. 200 പശുക്കളെ സംരക്ഷിക്കത്തക്ക രണ്ടു ഫാറങ്ങൾ കൂടി രണ്ടാം പഞ്ചവത്സരപദ്ധതി ഘട്ടത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ആറുമാസം ഗർഭമാകുന്നതു വരെ പശുക്കളുടെ ഉടമസ്ഥർ പ്രതിമാസം 10 രൂപാ വീതം സംരക്ഷണച്ചെലവു നൽകണം. അതിനു ശേഷം ധാതുമിശ്രം പോലെയുള്ള തീററിനൽകുന്നതിൻെറ പകുതിച്ചെലവു ഗവർമ്മെൻറു വഹിക്കും. ഈ പരിപാടിക്കായി 4·12 ലക്ഷം രൂപം പദ്ധതിയിൽ കൊള്ളിച്ചിട്ടുണ്ട്.

മട്ടാഞ്ചേരി, ആലപ്പുഴ, തലശ്ശേരി എന്നിവിടങ്ങളിലായി 200 പശുക്കളെ വളർത്തുന്ന മൂന്നു സ്വകാര്യഗോശാലകളുണ്ട്. ഈ ഗോശാലകൾ പരിഷ്കരിക്കുന്നതിനു ചില വ്യവസ്ഥകളിന്മേൽ ഗ്രാൻറു നൽകുന്നതിനായി 1·67 ലക്ഷം രൂപാ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

**കന്നുകാലികളുടെ തീററി**

കന്നുകാലികൾക്കു സാധാരണ നൽകുന്ന തീററിക്കപുറമെ ധാതുമിശ്രം നൽകുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതിഘട്ടത്തിൽ 190 ടൺ ധാതുമിശ്രം വാങ്ങി മൂന്നിൽ

രണ്ടു ഭാഗം വിലയ്ക്കു വിതരണം ചെയ്യുന്നതിനായി 1·15 ലക്ഷം രൂപാ ഉൾപ്പെടുത്തിയിട്ടുണ്ടു്.

കൊടപ്പനക്കുന്നിലും ഒല്ലൂക്കരയും ഇപ്പോൾ ഓരോ പുൽത്തോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. പുൽത്തോട്ടങ്ങൾ വിസ്തൃതിപ്പെടുത്തുന്നതിനായി 80,000രൂപാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### വിത്തുകാളകൾ

മലബാർ പ്രദേശത്തു പശുക്കളെ ഇണ ചേർക്കുന്നതിനായി 24 വിത്തുകാളകളെ വാങ്ങി സ്വകാര്യവ്യക്തികളെ ഏൾപ്പിക്കുന്നതിനു 24,000 രൂപാ നീക്കിവച്ചിട്ടുണ്ടു്. ഒരു നിശ്ചിതകാലത്തേയ്ക്കു ഈ വ്യക്തികൾ കാളകളെ ശരിയായി സംരക്ഷിക്കുന്നു എന്നു കണ്ടാൽ അതിൻെറ ഉടമസ്ഥാവകാശം അവർക്കായി കൈമാററം ചെയ്യുന്നതാണു്.

നല്ല ഇനം വിത്തുകാളകളെ കൊണ്ടു ഇണ ചേർപ്പിച്ചു കാലി സമ്പത്തു അഭിവൃദ്ധിപ്പെടുത്തുന്നതിനായി കാലിവളത്തുകാരുടെ ഒരു സഹകരണസംഘം രൂപീകരിക്കുന്നതാണു്. നല്ല ഇനം വിത്തുകാളകളെ സംഘത്തിനു സൗജന്യമായി നൽകും. ഈ പദ്ധതിക്കു 5,000 രൂപായാണു നീക്കിവച്ചിട്ടുള്ളതു്.

### ക്ഷീരവ്യവസായവികസനം

പട്ടണങ്ങളിൽ പാൽ വിതരണസംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. പശുക്കളെ വാങ്ങുന്നതിനായി സംഘങ്ങളിലെ അംഗങ്ങൾക്കു വായ്പ നൽകുന്നതാണു്. ഈ പദ്ധതിക്കുവേണ്ടി 39,000 രൂപാ വകയിരുത്തിയിട്ടുണ്ടു്.

തിരുവനന്തപുരം നഗരത്തിലെ പാൽ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധാരണക്കാരുടെ കഴിവിനെയുംകൂടി പരിഗണിച്ചു വിലയിൽ കുറവു വരുത്തുന്നതിനും

വേണ്ടി തിരുവനന്തപുരം പാൽ വിതരണ യൂണിയനെ പ്രതി ദിനം 250 മാണ്ട പാൽ കൈകാര്യം ചെയ്യത്തക്കവണ്ണം ആധുനീകരീതിയിൽ പുഷ്ടിപ്പെടുത്തുന്നതിനായി 6·41 ലക്ഷം രൂപാ ചെലവു വരുന്ന ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

കോഴിക്കോട്ട പട്ടണത്തിലും സമീപപ്രദേശങ്ങളിലും ഉല്പാദിപ്പിക്കുന്ന പാൽ കോഴിക്കോട്ട പാൽ വിതരണ യൂണിയൻ ശേഖരിച്ചു വിതരണം ചെയ്തുകൊണ്ടിരിക്കുകയാണു്. സംഘത്തിന്റെ പ്രവത്തനം വിപുലമാക്കുന്നതിനുവേണ്ടി കൂടുതൽ ഗ്രാമങ്ങളിൽ നിന്നു പാൽ ശേഖരിക്കുന്നതിനും അവിടെ സംഘങ്ങൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ദൂരെനിന്നും പാൽകൊണ്ടുവരേണ്ടതായിരിക്കുന്നതിനാൽ പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിനുവേണ്ടി ഒരു പാസ്ചുറൈസേഷൻ ഉപകരണം സ്ഥാപിക്കാൻ 28,000 രൂപാ അനുവദിച്ചിരിക്കുന്നു.

**ആട്ട വളർത്തുകേന്ദ്രം**

തലശ്ശേരിയിൽ ഒരു പുതിയ ആട്ട വളർത്തുകേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. വെളിയിൽ നിന്നും നല്ല ഇനം ആട്ടുകളെ കൊണ്ടുവന്നു ഇവിടത്തെ പെണ്ണാട്ടുകളുമായി ഇണ ചേർത്തു നല്ല പാലുള്ള ഇനം ആട്ടുകളെ ഉൽപ്പാദിപ്പിക്കുകയാണു ലക്ഷ്യം. ഇതിന്റെ ആവത്തനച്ചെലവിൽ പകുതി ഇൻഡ്യൻ കാർഷിക ഗവേഷണസമിതി വഹിക്കും. നമ്മുടെ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 1·85 ലക്ഷം രൂപാ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കോഴി വളർത്തുകേന്ദ്രങ്ങൾ**

കോഴി (താറാവുൾപ്പെടെ) വളർത്തുകേന്ദ്രങ്ങൾ (പൗൾട്രി ഫാറം) ഗവർമ്മെൻറിന്റെ വകയായി കൊടപ്പനക്കുന്നിലും ഒല്ലൂക്കരയും മുണ്ടയാട്ടും (കണ്ണൂർ ഡിസ്ട്രിക്ട്) ഇപ്പോൾ പ്രവത്തനം നടത്തുന്നുണ്ട്. തിരുവനന്തപുരത്തെയും തൃശ്ശൂരെയും

ഫാറങ്ങൾ പരിഷ്കരിക്കുകയും കൊല്ലത്തും കോട്ടയത്തും ഓരോ പുതിയ ഫാറങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതിനുള്ള പരിപാടികൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുണ്ടയാട്ടെ ഫാറത്തിൽ റോഡ് ഐലണ്ട് റെഡും വൈററ്ലെഗ്ഹാണും ഉൾപ്പെടെ 400 കോഴികളുണ്ട്. ഇവിടെനിന്നും എൻ. ഇ. എസ്സ്. ബ്ളാക്കുകളിലേയ്ക്കു കോഴികളെ വിതരണം ചെയ്യുന്നുണ്ട്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനം വികസിപ്പിക്കുന്നതിനും പാലക്കാട്ടും കോഴിക്കോട്ടും ഓരോ ഫാറങ്ങൾ പുതുതായി തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നു.

ഈ പദ്ധതികൾക്കായി 7·67 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. കൂടാതെ അഖിലേൻഡ്യാ കോഴിവളത്തു വികസനപദ്ധതിയനുസരിച്ചു രണ്ടാം പഞ്ചവത്സരപദ്ധതിഘട്ടത്തിൽ 20 പുതിയ കേന്ദ്രങ്ങൾ തുറക്കുന്നതിനായി 6·6 ലക്ഷം രൂപാ ചെലവുള്ള ഒരു പരിപാടിയും അംഗീകരിച്ചിട്ടുണ്ട്.

കോഴി വളത്തലിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യവ്യക്തികളെ ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. കോഴിവളത്തുകാർക്കോ സംഘങ്ങൾക്കോ 1,000 രൂപാ വീതം ധനസഹായം നൽകുന്നതിനായി 2000 രൂപാ നീക്കിവച്ചിട്ടുണ്ട്.

**സംയുക്തപദ്ധതികൾ**

സംസ്ഥാനഗവർമ്മെൻറിന്റെയും ഇൻഡ്യൻ കാർഷിക ഗവേഷണസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ താഴെപ്പറയുന്ന ഗവേഷണപദ്ധതികൾ നടപ്പിൽ വരുത്തുന്നതാണ്

1. വർഗ്ഗസങ്കരം—നമ്മുടെ കന്നുകാലികളുടെ പാൽ ഉൽപ്പാദനം അഭിവൃദ്ധിപ്പെടുത്തുന്നതിനും അതാതുസ്ഥലത്തെ ചുററുപാടുകളിൽ നല്ലവണ്ണം വളരാൻ അവയ്ക്കു കഴിവുണ്ടാക്കുന്നതിനും വേണ്ടി വർഗ്ഗസങ്കരം നടത്തുന്നതു സംബന്ധിച്ച

ഗവേഷണത്തിനായി ഇൻഡ്യൻ കാർഷികഗവേഷണസമിതി അഖിലേൻഡ്യാ വ്യാപകമായ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേക്കു വേണ്ടി നാട്ടിൻെറ നാനാഭാഗങ്ങളിലായി ഗവേഷണഘടകങ്ങൾ ഏർപ്പെടുത്തുന്നതാണ്. ജഴ്സി കാളകളുടെ ശുക്ലംകൊണ്ടു കൃത്രിമ ഗർഭോൽപ്പാദനം നടത്തി ഫലം പരിശോധിക്കുവാനാണുദ്ദേശിക്കുന്നതു്. ഇതിലേക്കായി 1·4 ലക്ഷം രൂപാ പദ്ധതിയിൽ കൊള്ളിച്ചിട്ടുണ്ട്.

2. ഇനം നന്നാക്കൽ—നാടൻ പശുക്കളെ സിന്ധി കാളകളെക്കൊണ്ടോ ജഴ്സി കാളകളെക്കൊണ്ടോ ഇണ ചേർപ്പിക്കുന്നതിൻെറ ഫലമായി ലഭിക്കുന്ന സന്താനങ്ങൾക്കു കൂടുതൽ പാലുണ്ടാകുമോ എന്നു് പരീക്ഷണം നടത്തുവാനുള്ള ഈ പരിപാടിക്കായി 2·6 ലക്ഷം രൂപാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഇതരരാജ്യങ്ങളെ അപേക്ഷിച്ചു സംസ്ഥാനത്തെ പശുക്കൾക്കു വളരെ താമസിച്ചു മാത്രം ഗർഭധാരണത്തിനു പകത വരുന്നതിൻെറയും ഗർഭധാരണങ്ങൾക്കിടയിലുള്ള ഘട്ടങ്ങൾദീർഘമായിരിക്കുന്നതിൻെറയും കാരണങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു 24,000 രൂപാ വകയിരുത്തിയിട്ടുണ്ട്.

4. കോഴികളുടെ ഇനം നന്നാക്കുന്നതു സംബന്ധിച്ചു ഒല്ലൂക്കര കേന്ദ്രത്തിൽ ഗവേഷണം നടത്തുന്നതിനു 51,000 രൂപാ ചെലവുള്ള ഒരു പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.

**കന്നുകാലി പ്രദർശനങ്ങൾ**


കന്നുകാലികളെ നല്ല നിലയിൽ വളർത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും നല്ല കന്നുകാലികളുടെ ഉടമസ്ഥന്മാർക്കു സമ്മാനങ്ങൾ നൽകുന്നതിനും വേണ്ടി ഓരോ കൊല്ലവും സംസ്ഥാനാടിസ്ഥാനത്തിൽ ഒരു പ്രദർശനത്തിനു പുറമെ ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ ഓരോ പ്രദർശനങ്ങൾ സംഘ

ടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 2·36 ലക്ഷം രൂപാ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

മററു പദ്ധതികൾ

മേൽ പറഞ്ഞവ കൂടാതെ എൻ. ഇ. എസ്സ്. ബ്ലോക്കുകളിലേക്കും മററും ആവശ്യമുള്ള സാങ്കേതിക ജീവനക്കാരെ (സ്റ്റോക്കുമെൻ) ലഭ്യമാക്കുന്നതിനു വേണ്ടി പരിശീലനകേന്ദ്രം നടത്താൻ 2·06 ലക്ഷം രൂപയും, ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാക്കു സംസ്ഥാനത്തിനു പുറമെ പോയി വിശേഷാൽ പരിശീലനം നടത്തുന്നതിനു 61,000 രൂപയും ഒരു പ്രത്യേക കീവില്ലേജ് ആഫീസറെയും സ്റ്റാഫിനെയും നിയമിക്കുന്നതിനു രണ്ടു ലക്ഷം രൂപയും, കന്നുകാലിരോഗനിയന്ത്രണ പരിപാടിയ്ക്കു 53,000 രൂപയും, കൂടുതൽ സ്റ്റോക്കുമെൻമാരെ നിയമിക്കുന്നതിനു 25,000 രൂപയും,കന്നുകാലികളുടെ വന്ധ്യതയെയും നിവാരണമാർഗ്ഗങ്ങളെയുംപററി പഠനം നടത്തുന്നതിനു 89,000 രൂപയും, പ്രചരണപരമായ പ്രവൎത്തനങ്ങൾക്കായി 85,000 രൂപയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

ഡിപ്പാർട്ടുമെൻറിൻെറ സാധാരണ പ്രവൎത്തനങ്ങൾക്കു പുറമെ പുതുതായി നടപ്പിൽ വരുത്തുന്ന വികസനപരിപാടികളാണു ഇവയെല്ലാം. കന്നുകാലി വളൎത്തലും കോഴി വളൎത്തലും ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിനു പൊതുജനങ്ങൾക്കു മാതൃക കാണിച്ചുകൊടുക്കുകയും അക്കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കുകയുമാണു് ഈ പദ്ധതികളുടെ മുഖ്യ ലക്ഷ്യം. ഗവർമ്മെൻറു നൽകുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ കാലി സമ്പത്തു അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ പൊതുജനങ്ങൾ പരമാവധി സഹകരിച്ചാൽ മാത്രമെ ഉദ്ദിഷ്ടഫലം സിദ്ധിക്കുകയുള്ളു.



കണ്ണിന്നുകൗതുകം നൽകുന്ന കാമധേനുക്കൾ — ഒല്ലൂക്കരയിലെ മൃഗവികസനകേന്ദ്രം

പൂത്തുനിൽക്കുന്ന പുൽക്കൊടികൾപോലെ പൂങ്കോഴികൾ വിഹരിക്കുന്നു — ഒല്ലൂക്കര കോഴിവളർത്തൽ കേന്ദ്രം.

